## 2011-ലെ പോലീസ് ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ രൂപീകരിക്കാത്തതിനെതിരെ ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്

മി. സ്പീക്കർ: ഓർഡർ.....ഓർഡർ...

2011 ജനുവരി മാസം 3-ാം തീയതി സഭ പാസ്സാക്കി ജനുവരി 29-ാം തീയതി മുതൽ സംസ്ഥാനത്ത് നിലവിൽവന്ന 2011-ലെ കേരള പോലീസ് ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരം ഏല്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം (deligated legislation) വിനിയോഗിച്ചു കൊണ്ട് സർക്കാർ നിർമ്മിക്കേണ്ടതായ ചട്ടങ്ങൾ നാളിതുവരെ രൂപീകരിക്കാത്തതു സംബന്ധിച്ചാണ് ചട്ടം 303 പ്രകാരം ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ ക്രമപ്രശ്നം ഉന്നയിച്ചത്.

പോലീസ് ആക്ട് പോലെ ഏറെ സുപ്രധാനമായ ഒരു നിയമം നിർമ്മിക്കപ്പെട്ട് 7 വർഷം കഴിഞ്ഞിട്ടും അതിന്മേലുള്ള ചട്ടങ്ങൾക്ക് ഒരു രൂപവും ആയിട്ടില്ല എന്ന ഗുരുതരമായ വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന് ശ്രീ. എൻ. ഷംസുദ്ദീനെ ചെയർ അനുമോദിക്കുന്നു.

കേരള പോലീസ് ആക്ട് പ്രകാരം രൂപീകരിക്കേണ്ട ചട്ടങ്ങൾ പുറപ്പെടുവിക്കുന്ന കാര്യത്തിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണങ്ങൾ

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. സഭ നിർമ്മിക്കുന്ന നിയമങ്ങൾക്കനുസൃതമായ ചട്ടങ്ങൾ രൂപീകരിക്കുന്ന കാര്യത്തിലുള്ള കാലതാമസം സംബന്ധിച്ച് സഭയിൽ ആവർത്തിച്ചു വന്ന ക്രമപ്രശ്നങ്ങളുടെയും അതിന്മേൽ ചെയറിൽനിന്നുണ്ടായ റൂളിംഗിന്റെയും അടിസ്ഥാനത്തിൽ സർക്കാർ, ഗവൺമെന്റ് സെക്രട്ടറിമാരുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും യോഗം ചേർന്ന് പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പരാമർശിക്കുകയുണ്ടായി. അതൊരു നല്ല മാതൃകയായി ചെയർ കാണുകയാണ്. പ്രസ്തുത സംവിധാനം കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് ഇക്കാര്യത്തിൽ ഒരു ശാശ്വത പരിഹാരം കണ്ടെത്തണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

2011-ലെ കേരള പോലീസ് ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ സമയബന്ധിതമായി പുറപ്പെടുവിക്കുന്നതാണെന്നുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച വിഷയത്തിലുള്ള റൂളിംഗിൽ ക്രമപ്രശ്നം നിലനിൽക്കില്ല എന്നു പറഞ്ഞത്

ശരിയല്ല. അത് നിലനിൽക്കുന്നതാണ്.

മി. സ്പീക്കർ: ഈ സാഹചര്യത്തിൽ ആ ക്രമപ്രശ്നത്തിലെ പ്രശ്നം പരിഹരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: അത് ശരിയാണ്.